(ബി) പ്രസ്തുത ഓഫീസുകളിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കാസർകോട് ജില്ലയിലെ കെ.എസ്.ഇ.ബി.യുടെ കീഴിലുള്ള വിവിധ ഓഫീസുകളിലെ തസ്തികകളും അവയുടെ എണ്ണവും പ്രസ്തുത ഓഫീസുകളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണവും അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(സി) നടപടി സ്വീകരിച്ചു വരുന്നു.

സഹകരണ സംഘത്തിൽ നിന്നുള്ള വായ്പ

145 (370) . ശ്രീ. വി. ബാലറാം :

ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഭൂമിയുടെ ഈടിൻമേൽ സഹകരണ സംഘങ്ങളിൽ നിന്നും ഓരോ വർഷവും എത്രപേർക്ക് വീതം ലോൺ കൊടുത്തിട്ടുണ്ട് ;

(ബി) ഓരോ വർഷവും ഭൂമിയുടെ ഈടിൻമേൽ സഹകരണസംഘങ്ങൾ ആകെ എത്ര രൂപ ലോൺ കൊടുത്തിട്ടുണ്ട് ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഭൂമിയുടെ ഈടിന്മേൽ സഹകരണസംഘങ്ങൾ നൽകിയ വായ്പകൾ തിരിച്ചടയ്ക്കാതിരുന്നതുകൊണ്ട് ഇതുവരെ എത്ര പേരുടെ ഭൂമി ലേലം ചെയ്ത് തുക ഈടാക്കിയിട്ടുണ്ട് ?

ഉത്തരം

(എ)

1996-1997	6,37,446 പേർക്ക്
1997-1998	5,42,775 പേർക്ക്
1998-1999	6,50,545 പേർക്ക്
1999-2000	5,45,397 പേർക്ക്
2000-2001	5,11,097 പേർക്ക് വീതം ലോൺ കൊടുത്തിട്ടുണ്ട്

രൂപ ലക്ഷത്തിൽ

(ബി)

1996-1997	1,09,077.32
1997-1998	1,60,858.95

† അനുബന്ധം XXIII

LIBRARY ARCHIVES Kerala Legislative Assembly

1998-1999	1,43,511.21
1999-2000	1,34,161.76
2000-2001	1,27,808.09

രൂപ വീതം സഹകരണസംഘങ്ങൾ ഭൂമി ഈടിന്മേൽ ലോൺ കൊടുത്തിട്ടുണ്ട്.

(സി) 1,440 പേരുടെ ഭൂമി ലേലം ചെയ്ത് വായ്പകൾ ഈടാക്കിയിട്ടുണ്ട്.

സഹകരണബാങ്കുകളുടെ ട്രഷറി നിക്ഷേപം

146 (371) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ൽ സംസ്ഥാന സഹകരണബാങ്ക് എന്ത് തുക ട്രഷറിയിൽ നിക്ഷേപിച്ചു ;

(ബി) ഇതിന് എത്ര ശതമാനം പലിശ നൽകാമെന്നാണ് ഏറ്റിരുന്നത് ;

(സി) പ്രസ്തുത തുക സംസ്ഥാന സഹകരണബാങ്ക് എപ്പോൾ പിൻവലിച്ചു ;

(ഡി) പലിശയിനത്തിൽ പ്രസ്തുത തുകയ്ക്ക് അതുവരെ എന്തു തുക ലഭിച്ചു ; ഇത് എത്ര ശതമാനം പലിശയ്ക്ക് തുല്യമായിരുന്നു ;

(ഇ) ട്രഷറിയിൽ നിന്നും തുക പിൻവലിച്ചശേഷം സംസ്ഥാന സഹകരണബാങ്ക് എന്തു തുക ജില്ല സഹകരണബാങ്കുകൾക്ക് ക്രെഡിറ്റ് നൽകി ; അതിനുള്ള പലിശ നിരക്ക് എത്രയായിരുന്നു ;

(എഫ്) ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾക്കാണ് ക്രെഡിറ്റ് നൽകിയത് ;

(ജി) പ്രസ്തുത തുക ജില്ല ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ചുവോ ; എങ്കിൽ എന്ന് ; എത്ര ശതമാനം പലിശക്ക് ;

(എച്ച്) സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് ക്രെഡിറ്റ് കിട്ടിയ തുക ജില്ലാ സഹകരണബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ചതിന്റെ ഫലമായി നബാർഡ് സംസ്ഥാനത്തെ കർഷകർക്കുള്ള റിഫൈനാൻസിംഗ് നിർത്തിവച്ചിരിക്കുകയാണോ ;

(ഐ) ജില്ല സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ച തുകയിൽ ഇനി എന്തു തുക തിരികെ കിട്ടുവാനുണ്ട് ;

(ജെ) റീഫൈനാൻസിംഗ് സൗകര്യം നബാർഡ് നിർത്തിവച്ചതിന്റെ ഫലമായി കർഷകർക്ക് ലഭിക്കാതെ വന്നിട്ടുള്ള കാർഷിക വായ്പകൾ എപ്രകാരം കൊടുക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly